# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:975 — 30.01.2019-ലെ മറുപടി

### കുപ്പിവെള്ളക്കച്ചവടം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.ജെ. മാക്സി | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഒരു വർഷം എത്ര രൂപയുടെ കുപ്പിവെള്ളക്കച്ചവടം നടക്കുന്നു എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപയെന്ന് വ്യക്തമാക്കാമോ; | (എ) | ഇക്കാര്യം ജലവിഭവ വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല. |
| (ബി) | കുപ്പിവെള്ളം ലഭ്യമാക്കാനായി സർക്കാർ 2016-ൽ തറക്കല്ലിടുകയും കഴിഞ്ഞ മാർച്ചിൽ പ്രവർത്തന സജ്ജമായതുമായ അരുവിക്കര കുപ്പിവെള്ള ഫാക്ടറി നിർമ്മാണത്തിനായി എത്ര തുക ചെലവാക്കി; പ്രസ്തുത ഫാക്ടറിയുടെ പ്രതിദിന വിതരണശേഷി എത്ര; മണിക്കൂറിൽ എത്ര ലിറ്റർ ബോട്ടിലിംഗ് നടത്താൻ കഴിയും; വിശദാംശം ലഭ്യമാക്കാമോ; | (ബി)യും (സി)യും | അരുവിക്കര കുപ്പിവെള്ള ഫാക്ടറിയ്ക്കായി ഇതിനോടകം 10 കോടി രൂപ ചെലവഴിച്ചു. പ്രസ്തുത പ്ലാന്റിന്റെ ഉൽപ്പാദനശേഷി മണിക്കൂറിൽ 7200 ലിറ്ററായിട്ടാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ ഒരു ദിവസം 1,72,800 ലിറ്റർ വെള്ളം കുപ്പികളിൽ നിറയ്ക്കാനുള്ള ശേഷിയുണ്ട്. കുപ്പിവെള്ളത്തിന്റെ നിർമാണ-ച്ചെലവ്, വിൽപ്പന കണക്കാക്കിയിട്ടില്ല. ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് (ബി.ഐ.എസ്), ഫുഡ് സേഫ്റ്റി അതോറിറ്റി ഓഫ് ഇൻഡ്യ(എഫ്.എസ്.എസ്.എ.ഐ) എന്നിവിടങ്ങളിൽ നിന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നതാണ്. |
| (സി) | പ്രസ്തുത സർക്കാർ ഫാക്ടറിയിലെ കുപ്പിവെള്ളനിർമ്മാണ ചെലവ് എത്ര; എത്ര തുകയ്ക്ക് വില്ക്കുവാൻ ഉദ്ദേശിക്കുന്നു; കുപ്പി വെള്ളം എപ്പോൾ ജനങ്ങൾക്ക് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു; വിശദാംശം ലഭ്യമാക്കാമോ; | | |

| ചോദ്യം | | മറുപടി | |
|---|---|---|---|
| (ഡി) | സംസ്ഥാനത്ത് കുപ്പിവെള്ളലോബിയെ സഹായിക്കാനായി അരുവിക്കര കുപ്പിവെള്ള ഫാക്ടറി തുറക്കാൻ വിമുഖത കാണിക്കുന്ന ഉദ്യോഗസ്ഥരെ മാറ്റി, ജനങ്ങൾക്ക് കുപ്പിവെള്ളം കുറഞ്ഞ നിരക്കിൽ ഉടൻ ലഭ്യമാക്കാൻ വേണ്ട എന്ത് നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ? | (ഡി) | ഇതിന്റെ പണികൾ മാർച്ച് മാസത്തോടെ പൂർത്തീകരിച്ച് കുപ്പിവെള്ളം വിപണിയിൽ ഇറക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**